## തിരുവനന്തപുരം വനംവകുപ്പാസ്ഥാനത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : സൂസൻ ഗോപി**

വിഷയം : വനം വകുപ്പ് - ജീവനക്കാര്യം - വനംവകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകളിൽ 10% ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് തസ്തികമാറ്റം വഴി നിയമനം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :

1. സർക്കാർ ഉത്തരവ് (പി) നമ്പർ 1/2014 ഉ.ഭ.പ തീയതി 03.01.2014.
2. സർക്കാർ ഉത്തരവ് (പി) നമ്പർ 21/2014 ഉ.ഭ.പ. തീയതി 19.07.2014.
3. സർക്കാർ ഉത്തരവ് (പി) നമ്പർ 16/2015 ഉ.ഭ.പ. തീയതി 28.05.2015.
4. സർക്കാർ ഉത്തരവ് (പി) നമ്പർ 19/2014 ഉ.ഭ.പ. തീയതി 20.06.2015
5. ഭരണവിഭാഗത്തിലെ 19.10.2015-ലെ ഇ2-1830/14 നമ്പർ ഉത്തരവ്.
6. സർക്കാർ കത്ത് നമ്പർ 13510/എഫ്2/15/വനം തീയതി 18.01.2016
7. ഈ ഓഫീസിലെ 29.01.2016, 05.09.2016, 09.05.2017, 17.06.2017,23.09.2017, 09.11.2017 എന്നീ തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ.

### ഉത്തരവ് നമ്പർ ഇ3-31989/14. തീയതി: 23.10.2018

സംസ്ഥാനത്തിലെ വിവിധ സർക്കാർ വകുപ്പുകളിൽ ക്ലാർക്ക് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയുടെ ശമ്പളത്തേക്കാൾ താഴ്ന്ന ശമ്പളസ്കെയിലിലുള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടേയും ആദ്യനിയമന തസ്തികയുടെ സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ അതാത് വകുപ്പിലെ ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് സൂചന (1), (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തസ്തികമാറ്റം വഴിയുള്ള നിമയനത്തിനായി 10% ഒഴിവുകൾ ജില്ലാതലത്തിൽ കണ്ടെത്തുവാൻ പ്രസ്തുത ഉത്തരവിൽ സ്പഷ്ടമാക്കിയിട്ടുണ്ട്. ജില്ലാതലത്തിൽ 10% ക്ലാർക്ക് തസ്തികകളുടെ ഒഴിവുകൾ

തസ്തികമാറ്റ നിയമനത്തിനായി മാറ്റിവയ്ക്കുവാൻ സാധിക്കാത്ത വകുപ്പുകളിൽ ക്ലാർക്ക് തസ്തികയുടെ സംസ്ഥാനതല അംഗബലം കണക്കാക്കി സംസ്ഥാനതലത്തിൽ ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 10% തസ്തികമാറ്റ നിയമനത്തിനായി നീക്കിവയ്ക്കാനും ഓരോ വകുപ്പിലേയും ക്ലാർക്ക് തസ്തികയുടെ സംസ്ഥാന തലത്തിലുള്ള അംഗബലത്തിന്റെ 10%-ൽ ഇപ്രകാരത്തിലുള്ള തസ്തികമാറ്റ നിയമനം എത്തിച്ചേരുന്നതുവരെ തുടരുവാനും അനുമതി നൽകിക്കൊണ്ട് സൂചന (2), (4) പ്രകാരം സർക്കാർ ഉത്തരവായിരിക്കുന്നു.

വനംവകുപ്പിലെ സംസ്ഥാനതലത്തിലുള്ള ക്ലാർക്ക് തസ്തികയുടെ അംഗബലത്തിന്റെ 10% ഒഴിവുകളിലേയ്ക്ക് തസ്തികമാറ്റ നിയമനം വഴി ക്ലാർക്കായി നിയമനം ലഭിക്കുന്നതിന് അർഹരായ ജീവനക്കാരുടെ താത്ക്കാലിക സംയോജിത സംസ്ഥാനതല സെലക്ടഡ് ലിസ്റ്റ് പുറപ്പെടുവിച്ചുകൊണ്ട് സൂചന (5) പ്രകാരം ഉത്തരവാകുകയും വനം വകുപ്പിൽ എല്ലാ ജില്ലകളിലും ക്ലാർക്ക് തസ്തികകളുടെ 10% തസ്തികമാറ്റത്തിനായി നീക്കിവയ്ക്കുവാൻ സാധിക്കാത്തതിനാൽ വകുപ്പിലെ ക്ലാർക്ക് തസ്തികയുടെ Cadre Strength സംസ്ഥാനതലത്തിൽ കണക്കാക്കി ആയതിന്റെ 10% തസ്തിമാറ്റ നിയമനത്തിനായി നീക്കിവയ്ക്കുവാൻ സൂചന (6) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സൂചന 1, 2 സർക്കാർ ഉത്തരവുകളിൽ വ്യക്തമാക്കിയതു പ്രകാരം വനം വകുപ്പിൽ ക്ലാർക്കുമാരുടെ 444 തസ്തികകളാണ് നിലവിലുള്ളത്.

സൂചന (1) ഉത്തരവ് തീയതിക്കുശേഷം വനം വകുപ്പിൽ 31.10.2015 വരെയുണ്ടായ ക്ലാർക്ക് ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഒൻപത് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ജില്ലാതലത്തിൽ തസ്തികമാറ്റം വഴി ക്ലാർക്കായി നിയമനം നൽകുകയുണ്ടായി. തുടർന്ന് സൂചന (5) പ്രകാരം സംസ്ഥാനത്തിൽ തയ്യാറാക്കിയ സംയോജിത സെലക്ടഡ് ലിസ്റ്റ് പ്രകാരം പതിനാല് ജീവനക്കാർക്ക് സൂചന-7 ലെ ഉത്തരവ് പ്രകാരം തസ്തികമാറ്റം മുഖാന്തിരം ക്ലാർക്ക് തസ്തികയിലേയക്ക് നിയമനം നൽകുകയുണ്ടായി.

വനം വകുപ്പിൽ 01.09.2017 മുതൽ 31.08.2018 വരെയുള്ള കാലയളവിൽ നിലവിൽ വന്ന ക്ലാർക്ക് ഒഴിവുകളുടെ അടിസ്ഥാനത്തിൽ സൂചന (5) ലെ സംയോജിത സെലക്ടഡ് ലിസ്റ്റിലെ അർഹരായ താഴെ പേര് ചേർക്കുന്ന ജീവനക്കാർക്ക് 19000-43600

എന്ന ശമ്പളസ്കെയിലിൽ ക്ലാർക്ക് തസ്തികയിൽ തസ്തികമാറ്റം വഴി നിയമനം നൽകിക്കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | സീനിയോറിറ്റി നമ്പർ | പേര് | നിലവിൽ ജോലി ചെയ്യുന്ന ഓഫീസ് |
|---|---|---|---|
| 1. | 30 | ശ്രീ.സുരൻ.കെ. | കണ്ണൂർ ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം |
| 2. | 31 | ശ്രീ.സന്തോഷ്കുമാർ.പി.എ | കാന്തല്ലൂർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം |
| 3. | 32 | ശ്രീ.മോഹൻദാസ്.എ.റ്റി. | കോഴിക്കോട് ടിമ്പർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം |
| 4 | 34 | ശ്രീ.രവിന്ദ്രൻ.ഇ.എസ്. | നഗരമ്പാറ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം |

മുകളിൽ പേര് പരാമർശിച്ചിട്ടുള്ള നാല് ജീവനക്കാരും ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം വനം വകുപ്പാസ്ഥാനത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുമ്പാകെ ജോലിയ്ക്കായി ഹാജരാകേണ്ടതാണ്. തുടർന്ന് ക്ലാർക്ക് തസ്തികയിൽ ഒഴിവ് നിലവിലുള്ള ഓഫീസിൽ നിയമന ഉത്തരവ് നൽകുന്നതാണ്.

സൂസൻ ഗോപി.
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

വ്യക്തികൾക്ക് (ആഫീസ് മേലധികാരി മുഖേന)

പകർപ്പ്:

1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ അറിവിലേക്ക്.
2. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിംഗ് സ്ക്വാഡ്, കണ്ണൂർ.
3. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ടിമ്പർ സെയിൽസ്. കോഴിക്കോട്.
4. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, കാന്തല്ലൂർ.
5. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, നഗരമ്പാറ
6. സ്റ്റോക്ക് ഫയൽ.